പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.921 30.10.2019 ന് മറുപടിയ്ക്ക്

**മൃഗങ്ങളുടെ ആക്രമണംമൂലം കൊല്ലപ്പെടുന്നവർക്കുള്ള ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പാമ്പിന്റെ കടിയേറ്റ് മരണപ്പെടുന്നവർക്കും, മൃഗങ്ങളുടെ ആക്രമണംമൂലം കൊല്ലപ്പെടുന്നവർക്കും സർക്കാർ പ്രത്യേക ധനസഹായം ലഭ്യമാക്കുന്നുണ്ടോ ; വിശദമാക്കുമോ; | (എ) | വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം, വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 1 0 ലക്ഷം രൂപയും വനത്തിനു പുറത്തു വച്ചുള്ള പാമ്പു കടി മൂലമുള്ള മരണത്തിനു 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. |
| (ബി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും, പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും, പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചിലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് എന്തെങ്കിലും വിലക്ക് നിലവിലുണ്ടോ; വിശദമാക്കാമോ? | | വന്യജീവി (സംരക്ഷണ) നിയമപ്രകാരം കാട്ടുപന്നിയെ ഷെഡ്യൂൾ III-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കൊല്ലുന്നതിന് വിലക്ക് ഉണ്ട്. എന്നാൽ, വന്യജീവി (സംരക്ഷണ) നിയമം, സെക്ഷൻ 11 (1) (b) അനുശാസിക്കുന്ന പ്രകാരം മനുഷ്യജീവനോ, മറ്റ് വസ്തുവകകൾക്കോ നാശനഷ്ടം ഉണ്ടാക്കുന്ന ഷെഡ്യൂൾ I-ൽ ഉൾപ്പെടാത്ത ഏതൊരു വന്യജീവിയെയും വെടിവെച്ച് കൊല്ലുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് ഉത്തരവ് നൽകുവാൻ അധികാരമുണ്ട്.<br>കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ വന്യജീവി (സംരക്ഷണ) നിയമ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ മേൽ അധികാരം കൂടുതൽ പ്രയോഗികമായി നടപ്പിലാക്കുന്നതിലേയ്ക്കായി ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും വൈൽഡ് ലൈഫ് വാർ ഡൻ മാർ ക്കും 16/02/2019-ലെ G.O.(Ms)7/19/F&WLD അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ